**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2404** | **04-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തോടുള്ള കേന്ദ്ര സർക്കാർ സമീപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിനോട് പകപോക്കുന്ന തരത്തിലുള്ള നിലപാടാണ് പലപ്പോഴും കേന്ദ്ര സർക്കാർ സ്വീകരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ സമീപകാല നയപരിപാടികൾ പൊതുവെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഭീഷണി ഉയർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 2022 ജൂണിൽ ജി എസ് ടി നഷ്ടപരിഹാരം നിർത്തലാക്കിയത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഇടിവുണ്ടാക്കി. ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കുന്നതിലൂടെയുള്ള വാർഷിക നഷ്ടം ഏകദേശം 12,000 കോടിയാണ്. പൊതുകണക്കിനത്തിലെ നീക്കിയിരുപ്പും സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളും സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പിൽ നിന്നും കേന്ദ്ര സർക്കാർ വെട്ടിക്കുറവ് നടത്തി വരുകയാണ്. കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന കർശന നിയന്ത്രണങ്ങൾ സംസ്ഥാനത്ത് ധനഞെരുക്കത്തിന് കാരണമാകുകയും ധനമാനേജ്മെന്റ് ദുഷ്കരമാകുകയും ചെയ്തിട്ടുണ്ട്. ഓരോ ധനകാര്യ കമ്മീഷന്റെ കാലയളവുകളിലും സംസ്ഥാനങ്ങൾക്ക് പങ്കിട്ടു നൽകുന്ന നികുതി വിഹിതത്തിന്റെ ശതമാനത്തിൽ കുറവുണ്ടായപ്പോഴും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കൊണ്ടിരിക്കുമ്പോഴും ഗുരുതരമായ പ്രകൃതി ദുരന്തങ്ങളെ അഭിമുഖീകരിച്ച ഘട്ടങ്ങളിലും മെച്ചപ്പെട്ട നികുതി പിരിവുകളിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരുവാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ വികസന പ്രവർത്തനങ്ങളിലുള്ള പ്രതിബദ്ധത നിലനിർത്തി മുന്നോട്ട് പോകാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കുള്ള തുക കണ്ടെത്താൻ രൂപീകരിച്ച കിഫ്ബിയെ തകർക്കാനുള്ള നീക്കമാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ സമീപകാല നയപരിപാടികൾ പൊതുവെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഭീഷണി ഉയർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 2022 ജൂണിൽ ജി എസ് ടി നഷ്ടപരിഹാരം നിർത്തലാക്കിയത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഇടിവുണ്ടാക്കി. ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കുന്നതിലൂടെയുള്ള വാർഷിക നഷ്ടം ഏകദേശം 12,000 കോടിയാണ്. പൊതുകണക്കിനത്തിലെ നീക്കിയിരുപ്പും സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളും സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പിൽ നിന്നും കേന്ദ്ര സർക്കാർ വെട്ടിക്കുറവ് നടത്തി വരുകയാണ്. കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന കർശന നിയന്ത്രണങ്ങൾ സംസ്ഥാനത്ത് ധനഞെരുക്കത്തിന് കാരണമാകുകയും ധനമാനേജ്മെന്റ് ദുഷ്കരമാകുകയും ചെയ്തിട്ടുണ്ട്. ഓരോ ധനകാര്യ കമ്മീഷന്റെ കാലയളവുകളിലും സംസ്ഥാനങ്ങൾക്ക് പങ്കിട്ടു നൽകുന്ന നികുതി വിഹിതത്തിന്റെ ശതമാനത്തിൽ കുറവുണ്ടായപ്പോഴും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കൊണ്ടിരിക്കുമ്പോഴും ഗുരുതരമായ പ്രകൃതി ദുരന്തങ്ങളെ അഭിമുഖീകരിച്ച ഘട്ടങ്ങളിലും മെച്ചപ്പെട്ട നികുതി പിരിവുകളിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരുവാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ വികസന പ്രവർത്തനങ്ങളിലുള്ള പ്രതിബദ്ധത നിലനിർത്തി മുന്നോട്ട് പോകാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) | പദ്ധതികൾക്ക് കേന്ദ്രം ഗ്രാന്റായി അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ്പ് ഫണ്ട് സംസ്ഥാനങ്ങൾ പലിശസഹിതം തിരിച്ചടയ്ക്കണമെന്ന് മാത്രമല്ല പദ്ധതിയുടെ ലാഭവിഹിതവും നൽകണമെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേന്ദ്ര സർക്കാർ വിഴിഞ്ഞം പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽ നിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസെഷൻ കാലയളവിലുടനീളം നൽകണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഇത് ഉറപ്പാക്കുന്നതിനായി Department of Economic Affairs (DEA) ഉം സംസ്ഥാന സർക്കാരും തമ്മിൽ ഒരു Premium Sharing Agreement-ൽ ഏർപ്പെടണമെന്നുംനിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതിയെ VGF സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ അംഗീകാരത്തിനുള്ള DEA.-യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവച്ച Premium Sharing Agreement പ്രകാരം വരുമാന വിഹിതത്തിന്റെ 20% |

| | | | |
|---|---|---|---|
| | | | തുക ചുവടെപ്പറയുന്ന നിബന്ധനകളിൽ ആദ്യം പൂർത്തിയാകുന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന് തിരിച്ചു നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.<br><br>a) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് NPV വ്യവസ്ഥയിൽ തിരിച്ചടയ്ക്കണം.<br><br>or<br><br>b) കൺസഷൻ കരാർ അവസാനിക്കുന്നത് വരെയോ, ഏതെങ്കിലും കാരണത്താൽ കരാർ<br><br>റദ്ദായാൽ, റദ്ദാകുന്ന കാലയളവ് വരെയോ തിരിച്ചടയ്ക്കണം.<br><br>or<br><br>c) Appointed Date മുതൽ 60 വർഷം പൂർത്തിയാകുന്നതുവരെ എല്ലാ വർഷവും കേരള സർക്കാർ കേന്ദ്ര സർക്കാരിന് തിരിച്ചടവ് നടത്തേണ്ടതാണ്. |
| (ഡി) | വയനാട് മുണ്ടക്കൈ ദുരന്തത്തിന് യഥാസമയം അർഹമായ ധനസഹായം നൽകുന്ന കാര്യത്തിൽ കേന്ദ്രം സ്വീകരിച്ചുവരുന്ന സമീപനം വ്യക്തമാക്കാമോ? | (ഡി) | 13/11/2024 തീയതിയിലെ ഡിഎംഎ2/249/2024-ഡിഎംഡി കത്ത് പ്രകാരം വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള തുക സംബന്ധിച്ച് പോസ്റ്റ് ഡിസ്സാസ്റ്റർ നീഡ്സ് അസസ്സ്മെന്റ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിരുന്നു. 16/01/2025 ന് ന്യൂഡൽഹിയിൽ വച്ച് നടത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ Multi Sectoral Team ന്റെ രണ്ടാമത്തെ യോഗത്തിൽ സംസ്ഥാന പ്രതിനിധികൾ പങ്കെടുക്കുകയും പ്രസ്തുത റിപ്പോർട്ട് യോഗത്തിൽ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി ഇതുവരെ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടില്ല.<br><br>വയനാട് ജില്ലയിലെ മേപ്പാടിയിൽ ഉണ്ടായ ഉരുൾപ്പൊട്ടൽ ഗുരുതര സ്വഭാവമുള്ള പ്രകൃതി ദുരന്തമായി പരിഗണിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനോട് 28-12-2024-ലെ D.O.No.DMA2/256/2024-DMD നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ദുരന്തം ഇന്റർ മിനിസ്റ്റീരിയൽ സെൻട്രൽ ടീം ഗുരുതര സ്വഭാവമുള്ള പ്രകൃതി ദുരന്തമായി പരിഗണിച്ചിട്ടുള്ളതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം 30.12.2024-ലെ 13-06/2024-NDM-I നമ്പർ കത്ത് |

| | | | |
|---|---|---|---|
| | | | പ്രകാരം സംസ്ഥാനത്തെ അറിയിച്ചു. ഇത് ഗുരുതര സ്വഭാവമുള്ള പ്രകൃതി ദുരന്തമായി ഇന്റർ മിനിസ്റ്റീരിയൽ സെൻട്രൽ ടീം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചിട്ടുണ്ടെന്നും, ആയതിനാൽ, മൂലധന നിക്ഷേപങ്ങൾക്കുവേണ്ടി സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക പലിശരഹിത വായ്പാ പദ്ധതി 2024-25-ന്റെ ഭാഗം 1-ൽ അധികമായി അനുവദിക്കുന്ന തുക ലഭ്യമാക്കുന്നതിനായി പദ്ധതികൾ സമർപ്പിക്കുവാൻ 27-12-2024-ലെ കത്ത് പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. വയനാടിന് ആവശ്യമായ കേന്ദ്ര സഹായം ലഭ്യമാകേണ്ട സാഹചര്യത്തിൽ ദുരന്തനിവാരണ വകുപ്പ് സമർപ്പിച്ച വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ ദുരന്ത ബാധിത പ്രദേശങ്ങളുടെ പുനർനിർമാണവുമായി ബന്ധപ്പെട്ട് സംസ്ഥാനം 535.56 കോടി രൂപയുടെ 16 പദ്ധതികൾ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സമർപ്പിച്ചു. ഇതിൻ പ്രകാരം 11.02.2025-ലെ 44(1)/PF-S/2024-25(CAPEX)-Kerala നമ്പർ കത്ത് പ്രകാരം 529.50 കോടി രൂപ കേന്ദ്രം അംഗീകരിക്കുകയും സംസ്ഥാനത്തിന് റിലീസ് ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ